"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലാ പഞ്ചായത്ത് - നഗരസഭാ പരിധിയിലുള്ള കൈത്തറി സംഘങ്ങൾക്ക് നൂൽവാങ്ങുന്നതിന് ധനസഹായം നൽകിയതിന് സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1635/2023/LSGD തീയതി,തിരുവനന്തപുരം, 10-08-2023

പരാമർശം:-

1. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022
2. കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 18.03.2023 ലെ B2-615/2023-ാം നമ്പർ കത്തും ജില്ലാ പഞ്ചായത്തിന്റെ 10.03.2023ലെ 50/2023(ബി) നമ്പർ ഭരണസമിതി തീരുമാനവും
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 03.07.2023-ന നടന്ന യോഗത്തിന്റെ തീരുമാനം 4.52

**ഉത്തരവ്**

കൈത്തറി സംഘങ്ങൾക്ക് നൂൽ വാങ്ങുന്നതിന് ധനസഹായം നൽകുന്നതാണ് പ്രോജക്ട്. 2022-23 വർഷം 34 കൈത്തറി സംഘങ്ങൾക്ക് നൂൽവാങ്ങുന്നതിന് ആകെ 34.00 ലക്ഷം രൂപ കണ്ണൂർ ജില്ലാ പഞ്ചായത്ത് ചെലവഴിച്ചു. ഇതിൽ മുനിസിപ്പൽ പ്രദേശത്തുള്ള 6 കൈത്തറി സംഘത്തിനും കോർപ്പറേഷൻ പരിധിയിലുള്ള 5 സംഘത്തിനും ആണ് ധനസഹായം നൽകിയിട്ടുള്ളത് . നഗരഭരണ പ്രദേശത്തുള്ള സംഘത്തിനും ധനസഹായം നൽകിയതിന് സാധൂകരണം നൽകണമെന്ന് ജില്ലാ പഞ്ചായത്ത് പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

പരാമർശിത യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . പരാമർശം (1) മാർഗ്ഗരേഖ ഉത്തരവ് ഖണ്ഡിക 6.10(1)-ന്റെ അടിസ്ഥാനത്തിലും കൈത്തറി സംഘമാണ് എന്നതും കൂടി പരിഗണിച്ച്, കണ്ണൂർ ജില്ലാ പഞ്ചായത്ത് 2022-23 വാർഷിക പദ്ധതിയിൽ മുനിസിപ്പൽ/ കോർപ്പറേഷൻ പരിധിയിലുള്ള കൈത്തറി സംഘങ്ങൾക്ക് ധനസഹായം നൽകിയതിന് സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

1. പ്രസിഡന്റ്/ സെക്രട്ടറി, കണ്ണൂർ ജില്ലാ പഞ്ചായത്ത്
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
3. ജില്ലാ പ്ലാനിംഗ് ഓഫീസർ, കണ്ണൂർ ജില്ലാ പഞ്ചായത്ത്
4. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
5. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
6. ഡയറക്ടർ ജനറൽ, കില
7. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
8. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Viraj K
Date: 14-08-2023 11:37:59
സെക്ഷൻ ഓഫീസർ